ലേഖനം

എം.സി.എ നാസർ

# ഒബാമ യുഗത്തിൽ മറ്റൊരു അമേരിക്ക സാധ്യമോ?

**പ്രതീക്ഷിച്ചതു** പോലെ കറുത്തവൻ ചരിത്രം തിരുത്തി. അമേരിക്കയുടെ നാൽപ്പത്തി നാലാം പ്രസിഡന്റായി ബറാക് ഒബാമ വൈറ്റ് ഹൗസിലേക്ക്. ഇനി ബാക്കിയുള്ളത് ജനുവരി ഇരുപതിന്റെ അധികാരം ഏറ്റെടുക്കൽ പ്രക്രിയ മാത്രം. അമേരിക്ക മാത്രമല്ല, ലോകജനതയും ഈ വിധിയെഴുത്തിൽ ആഹ്ലാദിക്കുന്നുണ്ട്. ഗംഭീര വിജയം നേടിയ ശേഷം ഷിക്കാഗോ ഗ്രാന്റ് പാർക്കിൽ നടത്തിയ പ്രസംഗത്തിൽ ഒബാമ പറഞ്ഞു: "അമേരിക്കയിൽ ഇതാ മാറ്റം വന്നെത്തിയിരിക്കുന്നു." ഏതു പ്രതികൂലതകളെയും നേരിടാൻ നമുക്ക് കഴിയുമെന്നും ഒബാമ ആവർത്തിച്ചു. ആത്മവിശ്വാസം സ്ഫുരിക്കുന്ന ആ ഭാഷണം ലോകം താൽപര്യപൂർവം ശ്രവിച്ചു. ജനം കൈയടിച്ചു. ആഹ്ലാദാരവങ്ങൾ ഉയർത്തി. അങ്ങനെ എല്ലാ നിലക്കും



നാൽപത്തേഴുകാരനായ ഒബാമ ആ രാത്രി ചരിത്രത്തിലേക്ക് നടന്നു കയറുകയായിരുന്നു.

ബുഷ് പ്രതിനിധാനം ചെയ്യുന്ന റിപ്പബ്ലിക്കൻ പാർട്ടിയെ അക്ഷരാർഥത്തിൽ കടപുഴക്കിയെറിഞ്ഞായിരുന്നു ഈ നടത്തം. തീവ്രദേശീയത മുൻനിർത്തിയുള്ള ആക്രമണോത്സുക ഇടപെടൽ രാഷ്ട്രീയത്തെ പിന്തുണച്ച മെക്കയിന്റെ ദയനീയ തോൽവി ഒരു തുടർച്ച മാത്രമാണ്. ബുഷിനൊപ്പം നിലയുറപ്പിച്ച പല ഭരണാധികാരികളും നേരിട്ട സ്വാഭാവിക ദുരന്തത്തിന്റെ അപമാനകരമായ തുടർച്ച. അമേരിക്കയെ സംബന്ധിച്ചേടത്തോളം ഇത് ഒബാമയിലുള്ള പ്രതീക്ഷയോടൊപ്പം തന്നെ ബുഷിന്റെ വഴികേടുകളോടുള്ള രോഷപ്രകടനം കൂടിയാണ്. നിഷേധ വോട്ടുകളാണ് ബാലറ്റ് ബോക്സിൽ ഒബാമയുടെ രക്ഷക്കെത്തിയത്. നിൽക്കുന്ന തറയുടെ ചൂട് ഒരുപക്ഷേ, കൃത്യമായി അമേരിക്കൻ ജനത തിരിച്ചറിഞ്ഞതും ഇപ്പോൾ മാത്രം. അല്ലായിരുന്നുവെങ്കിൽ നാലു വർഷം മുമ്പ് ഒരു രണ്ടാമൂഴം അവർ ബുഷിന് നൽകില്ലായിരുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ തീവ്രത യാങ്കി സമൂഹം നേർക്കു നേരെ അനുഭവിക്കുകയാണിപ്പോൾ. 'മക്കളുടെ സ്കൂൾ ബില്ലുകൾ എങ്ങനെ അടക്കണമെന്നറിയാതെ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണരുന്ന മാതാപിതാക്കളുടെ രാജ്യ'മായി അമേരിക്ക മാറിയതിൽ നിയുക്ത പ്രസിഡന്റ് ഒബാമ അസ്വസ്ഥനാകുന്നതിൽ കാര്യമില്ല. മാധ്യമങ്ങളും കോർപ്പറേറ്റ് സ്ഥാപനങ്ങളും അധികാര ദല്ലാളുകളും ബുഷിന് പകർന്നേകിയ പരിവേഷത്തിനു പിന്നിലെ യാഥാർഥ്യം തിരിച്ചറിയാൻ 'ഏറ്റവും വലിയ ജനാധിപത്യ സമൂഹവും ജനതയും വൈകിപ്പോയി. വ്യക്തിപൂജയുടെ തലത്തിൽ, അയഥാർഥ വികാരങ്ങളുടെ ബല

ത്തിൽ മറയിടേണ്ട ഒന്നല്ല യു.എസ് ജനതയുടെ ഈ നാലു വർഷത്തെ അപക്വമായ അപരാധം. ഇത്തവണ ഭാരം ഇറക്കി വെക്കാൻ നല്ലൊരു ബദലുണ്ടായി. കറുത്തവന്റെ പ്രതീകമായി അവൻ വാഴ്ത്തപ്പെട്ടു. ചരിത്രത്തിന്റെ ഭാഗമായി അവൻ എളുപ്പം വഴിമാറി.

പക്ഷേ, ആദ്യഘട്ടം കഴിഞ്ഞതേയുള്ളൂ. ഇനി വരാനിരിക്കുന്നതാണ് പ്രധാനം. തലതിരിഞ്ഞ വിദേശനയമാണ് റിപ്പബ്ലിക്കൻ തോൽവിയുടെ അടിസ്ഥാനമെന്നുറപ്പായി. അപ്പോൾ തിരുത്ത് വേണ്ടതും അവിടെത്തന്നെ. ആശയതലത്തിലുള്ളതിനേക്കാൾ പ്രായോഗിക കാഴ്ചപ്പാടായിരിക്കും ഇവിടെ ഒബാമ പിന്തുടരുകയെന്നു കരുതാം. 'അമേരിക്കൻ നേതൃത്വത്തിന്റെ പുതിയ ഉദയം ആഗതമായിരിക്കുന്നു'വെന്ന് ഒബാമ ആത്മവിശ്വാസം കൊള്ളുമ്പോൾ ഈ മാറ്റം തന്നെയാകുമോ അദ്ദേഹം സ്വപ്നം കാണുന്നത്? പക്ഷേ, ജയിച്ച ഒബാമയുടെ ഓരോ നീക്കവും സൂക്ഷ്മമായി വിലയിരുത്തപ്പെടും. കാരണം അത്രയേറെ പ്രതീക്ഷകൾ ഈ മനുഷ്യൻ നൽകിയിട്ടുണ്ട്. ഷിക്കാഗോ വേദിയിൽ വിജയശ്രീലാളിതനായ ഒബാമ ഇതും കൂടി പറഞ്ഞു: "ഈ ലോകത്തെ നശിപ്പിക്കാനും പിച്ചിച്ചീന്താനും ആഗ്രഹിക്കുന്നവരെ ഞങ്ങൾ തോൽപ്പിക്കും. സമാധാനവും സുരക്ഷയുമാണ് തേടുന്നതെങ്കിൽ അവർക്കൊപ്പം ഞങ്ങളുണ്ടാവും." ഏതായാലും ബുഷിനെ പോലെ 'ഒന്നുകിൽ നമുക്കൊപ്പം, അല്ലെങ്കിൽ അവർക്കൊപ്പം' എന്ന അഹന്ത നിറഞ്ഞ സംജ്ഞാവലികൾ ഒബാമ കടംകൊണ്ടില്ല. അത്രയും നല്ലത്.

നിർണായക പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ തൊട്ടു മുമ്പായി ലോകത്തിന്റെ പല ഭാഗങ്ങളുടെയും സ്കെച്ചുകൾ വരച്ചുകാട്ടി അമേരിക്ക നേരിടുന്ന എൺപതോളം കടുത്ത ഭീഷണികളുടെ വ്യാപ്തി സി.ഐ.എ ഡയറക്ടർ മൈക്കിൾ ഹൈഡൻ ഒബാമയെ ധരിപ്പിക്കുകയുണ്ടായി. യു.എസ് പ്രസിഡന്റ് നേരിടേണ്ട കടുത്ത പ്രതിസന്ധിയുടെ ആഴം അപ്പോഴാണത്രെ ഒബാമ ശരിക്കും ഉൾക്കൊണ്ടത്. തികച്ചും നിസ്സംഗമായി ഭീഷണി സ്കെച്ചുകൾ നോക്കി പകച്ചിരിക്കുകയായിരുന്നുവത്രെ പിന്നെ കുറെ നേരം ഒബാമ.

എല്ലാ തലങ്ങളിലും ഒരു മാറ്റം എന്നത് ക്ഷിപ്രസാധ്യമാകില്ല. പക്ഷേ, വിദേശനയത്തിൽ കാതലായ മാറ്റം ഉറപ്പു വരുത്താൻ കഴിഞ്ഞില്ലെങ്കിൽ എല്ലാ പ്രത്യാശയുടെയും താളം തെറ്റും. പതിനെട്ട് മാസം കൊണ്ട് ഇറാഖിൽനിന്ന് സൈന്യത്തെ പിൻവലിക്കാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ ഒബാമക്ക് പ്രയാസം ഉണ്ടാകില്ല. എന്നാൽ അഫ്ഗാനിൽ സൈനിക ശക്തി വീണ്ടും ഉയർത്തണമെന്നാണ് ജയിച്ച ഒബാമ ആവർത്തിച്ചു പറയുന്നത്. കൂടുതൽ രക്തചൊരിച്ചിലിനാകും അതോടെ അഫ്ഗാൻ വേദിയാവുക. ചെറിയൊരു കൈയബദ്ധം സംഭവിച്ചാൽ പാകിസ്താനിലേക്ക് കൂടി യുദ്ധമുഖം വഴിമാറാനും സാധ്യത കൂടുതൽ.

ഇതിനകം രണ്ട് യുദ്ധങ്ങൾ അമേരിക്കൻ സമ്പദ്ഘടനയെ തകർത്ത കാര്യം ഒബാമ തന്റെ ഷിക്കാഗോ പ്രസംഗത്തിൽ പറയുന്നുണ്ട്. ഭീകരതയുടെ വിപത്ത്, ആണവ ഭീഷണി, റഷ്യയും ചൈനയും നടത്തുന്ന മുന്നേറ്റം, ഇസ്രയേൽ-ഫലസ്തീൻ പ്രതിസന്ധി...അങ്ങനെ ചെറുതല്ലാത്ത ഒട്ടേറെ സമസ്യകൾ. ഇവിടെ ഒന്നുകിൽ മാപ്പുസാക്ഷിയുടെ റോളിലേക്ക് ഉൾവലിയാം. അതല്ലെങ്കിൽ ബുഷിനെ പോലെ നല്ല കൂട്ടിക്കൊടുപ്പുകാരന്റെ റോൾ തന്നെ തുടരാം. ഏതു വേണമെന്ന് തീരുമാനിക്കേണ്ടത് ഒബാമ തന്നെ.

നിർണായക പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ തൊട്ടു മുമ്പായി ലോകത്തിന്റെ പല ഭാഗങ്ങളുടെയും സ്കെച്ചുകൾ വരച്ചുകാട്ടി അമേരിക്ക നേരിടുന്ന എൺപതോളം കടുത്ത ഭീഷണികളുടെ വ്യാപ്തി സി.ഐ.എ ഡയറക്ടർ മൈക്കിൾ ഹൈഡൻ ഒബാമയെ ധരിപ്പിക്കുകയുണ്ടായി. യു.എസ് പ്രസിഡന്റ് നേരിടേണ്ട കടുത്ത പ്രതിസന്ധിയുടെ ആഴം അപ്പോഴാണത്രെ ഒബാമ ശരിക്കും ഉൾക്കൊണ്ടത്. തികച്ചും നിസ്സംഗമായി ഭീഷണി സ്കെച്ചുകൾ നോക്കി പകച്ചിരിക്കുകയായിരുന്നുവത്രെ പിന്നെ കുറെ നേരം ഒബാമ.

അമേരിക്കയുടെ അടിസ്ഥാന രാഷ്ട്രീയ ഘടനയിൽ മാറ്റം വരുത്തുകയെന്നത് ഒരു ഒബാമക്കും എളുപ്പമാവില്ല. അതിന് അതിന്റേതായ നിയതമായ ഒരു ക്രമമുണ്ട്. ആധിപത്യ മനോഭാവത്തിന്റെ ഘടനയിൽ പണിതുയർത്തിയതിന്റെ സ്വാഭാവിക ദൗർബല്യം കൂടിയാണത്. എന്നാൽ കേൾക്കാനുള്ള ഒരു മനസ്സ് ഒബാമക്കുണ്ടെന്ന് അദ്ദേഹത്തോടൊപ്പം ചെലവിട്ട പലരും സാക്ഷ്യപ്പെടുത്തുന്നു. വിജയാഘോഷ വേദിയിൽ ഒബാമ തന്നെ പറഞ്ഞു: ''ഒന്നു ഞാൻ ഉറപ്പു പറയാം. പ്രശ്നങ്ങളെ കുറിച്ച് ബോധവാനാണ് ഞാൻ. എപ്പോഴും ഞാൻ നി




ങ്ങളെ ശ്രവിക്കുന്നവനായിരിക്കും; നിങ്ങൾ വിയോജിക്കുമ്പോൾ വിശേഷിച്ചും."

ഇതു തന്നെയാണ് പ്രധാനം. നയതന്ത്രത്തിന്റെയും സഹവർത്തിത്വത്തിന്റെയും തലങ്ങൾ വീണ്ടെടുക്കാൻ ഇതിലൂടെ എളുപ്പം കഴിയും. അതോടെ ഭീഷണി സ്കെച്ചുകൾ ഒന്നൊന്നായി മടക്കി വെക്കാൻ സി.ഐ.എ മേധാവിയെ വിളിച്ചു പറയാം. അഹ്മദീ നിജാദും ബശ്ശാറുൽ അസദും മാത്രമല്ല ഖാലിദ് മിശ്അലും ഹസൻ നസ്റുല്ലയും വരെ അമേരിക്കയുമാ

യി മാന്യമായ ചർച്ചക്ക് ഒരുക്കമാണ്. പക്ഷേ, അമേരിക്കയിലെ നവ യാഥാസ്ഥിതിക വിഭാഗം അത് അനുവദിക്കുമോ എന്നതാണ് പ്രസക്തമായ ചോദ്യം. ഒബാമ ഭരണകൂടത്തിലെ സുപ്രധാന പദവികളിൽ ഇടം ലഭിക്കുന്നവർ ആരൊക്കെയെന്ന് കൂടി അറിഞ്ഞാൽ മാത്രമേ ഇതിന്റെ ഉത്തരം തെളിയൂ. കോളിൻ പവലും ഡിക്ചെനിയും റംസ്ഫെഡും ഉൾപ്പെട്ട കൂട്ടിന്റെ ബലത്തിലാണ് എണ്ണമറ്റ ക്രൂരതകളിലൂടെ സാമ്രാജ്യത്വ വിപുലീകരണം നടപ്പാക്കാനുള്ള ധാർഷ്ട്യം ബുഷിന് ലഭിച്ചതെന്നോർക്കണം. പക്ഷേ, വിജയലഹരി ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ മറക്കാൻ ഒബാമയെ പ്രേരിപ്പിക്കുമെന്ന് പറയേണ്ട സമയമായിട്ടില്ല. വടിവൊത്ത പ്രസംഗവും ആറ്റിക്കുറുക്കിയ കുറിപ്പുകളുമാണ് പോയ ഒരു വർഷം ഒബാമ സമർപ്പിച്ച രാഷ്ട്രീയ ബാക്കിപത്രം. ഇനിയായിരിക്കും രാഷ്ട്രീയ ആർജവത്വമുള്ള നിലപാടുകൾ വേണ്ടിവരിക. ആ ഒബാമയെയാണ് അമേരിക്കയും ലോകവും ഉറ്റുനോക്കുന്നത്. യാങ്കിയുടെ കുടിലത അരങ്ങുതകർത്ത എട്ടാണ്ടുകളുടെ ചോരയിൽ കുതിർന്ന ബാക്കിപത്രം നമുക്കു മുന്നിലുള്ളപ്പോൾ ഈ ആശങ്ക തികച്ചും സ്വാഭാവികം. എണ്ണമറ്റ സൈനിക താവളങ്ങളുടെയും നവീന ആയുധങ്ങളുടെയും ബലത്തിൽ 'സമാധാനം' നടപ്പാക്കാനുള്ള വൈറ്റ് ഹൗസ് വ്യഗ്രതയായിരുന്നു ബുഷും പിതാവും ബാക്കിവെച്ചത്. ഉപരോധത്തിലൂടെ, അപമാനകരമായ കടന്നാക്രമണങ്ങളിലൂടെ ലോകത്തിന്റെ സ്വസ്ഥത അവർ തകർത്തു. ഏകധ്രുവ ലോകം യാഥാർഥ്യമാകുന്നതോടെ എതിർശബ്ദങ്ങളൊന്നും ഉണ്ടാകില്ലെന്ന് തെറ്റിദ്ധരിച്ചു. എന്നാൽ തോൽക്കാൻ തയാറല്ലെന്ന് സാമ്രാജ്യത്വം ചവിട്ടിമെതിച്ച ജനത തെളിയിച്ചു. അവർ ചാവേറുകളായി കണക്കുതീർത്തു. ലോകത്ത് കൂടുതൽ അശാന്തിയും അസ്ഥിരതയും ബാക്കിയായി.

> അമേരിക്കയുടെ അടിസ്ഥാന രാഷ്ട്രീയ ഘടനയിൽ മാറ്റം വരുത്തുകയെന്നത് ഒരു ഒബാമക്കും എളുപ്പമാവില്ല. അതിന് അതിന്റേതായ നിയതമായ ഒരു ക്രമമുണ്ട്. ആധിപത്യ മനോഭാവത്തിന്റെ ഘടനയിൽ പണിതുയർത്തിയതിന്റെ സ്വാഭാവിക ദൗർബല്യം കൂടിയാണത്. എന്നാൽ കേൾക്കാനുള്ള ഒരു മനസ്സ് ഒബാമക്കുണ്ടെന്ന് അദ്ദേഹത്തോടൊപ്പം ചെലവിട്ട പലരും സാക്ഷ്യപ്പെടുത്തുന്നു.

ജനായത്തം വന്നാൽ പശ്ചിമേഷ്യൻ പ്രശ്നങ്ങൾ പാടെ മാറുമെന്നും ജനങ്ങളുടെ സ്വാതന്ത്ര്യമാണ് ഏറ്റവും പ്രധാനമെന്നുമായിരുന്നു ബുഷ് പറഞ്ഞു പഠിപ്പിച്ച സിദ്ധാന്തങ്ങളിലൊന്ന്. അതുകേട്ട് ഫലസ്ത്വീൻ ജനത ഹമാസിനെ വരിച്ചപ്പോൾ യാങ്കിയുടെ മട്ടുമാറി. അറബ് ലോകത്തെ അടിയൊഴുക്കുകളുടെ ഗതി കൂടി വ്യക്തമായതോടെ 'ജനാധിപത്യം' എന്ന വാക്ക് തന്നെ ബുഷും കോണ്ടലീസയും വിഴുങ്ങുകയായിരുന്നു.

ഷിക്കാഗോ പ്രസംഗത്തിൽ ഒബാമ തലയുയർത്തി പറഞ്ഞു: ''ജനാധിപത്യം, പൗരാവകാശം, അവസരസമത്വം തുടങ്ങിയ മൂല്യങ്ങളിൽ നിന്നാണ് നമ്മുടെ കരുത്ത് ഉണ്ടാകുന്നത്''–സർ, ഇത് അമേരിക്കയുടെ മാത്രം കരുത്തിന്റെ പ്രശ്നമാണോ? എല്ലാ രാജ്യങ്ങൾക്കും അവിടങ്ങളിലെ മനുഷ്യർക്കും ഈ മൂല്യങ്ങളുണ്ടാവില്ലേ?. അതിൽ നിന്നു തന്നെയല്ലേ അവരും കരുത്ത് തേടേണ്ടത്? അതുംകൂടി വകവെച്ചു കൊടുക്കുന്നതല്ലേ രാഷ്ട്രീയ പക്വത?

പറഞ്ഞിട്ടെന്ത്? പിഴച്ചതും അവിടെയാണ്. അതോടെ അമേരിക്ക പാളി. തങ്ങൾ മാത്രം രക്ഷപ്പെടണമെന്നും മറ്റുള്ളവർ എപ്പോഴും ഓഛാനിച്ചു നിൽക്കണമെന്നുമുള്ള ധാർഷ്ട്യ മനോഭാവം അടിക്കടി അടിച്ചേൽപ്പിക്കാനായിരുന്നു വ്യഗ്രത. ഫലമോ, ലോകവും അമേരിക്കയും കൂടുതൽ ദരിദ്രമാക്കപ്പെട്ടു എന്നതും.

ഇനി ഒബാമ നെഞ്ചത്ത് കൈവെച്ച് പറയട്ടെ,

'ഇല്ല. മറ്റൊരു അമേരിക്ക സാധ്യമാകും.' ■